**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4986** **14-03-2023 - ൽ മറുപടിയ്ക്ക്**

**ആലപ്പുഴ നഗരത്തിലെ മുപ്പാലം, കോടതിപ്പാലം എന്നിവയുടെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ആലപ്പുഴ നഗരത്തിലെ മുപ്പാലം, കോടതിപ്പാലം എന്നിവയുടെ നിർമ്മാണ പുരോഗതി വിശദമാക്കാമോ; | (എ) | മുപ്പാലം പുനർനിർമ്മാണത്തിന്റെ ഭാഗമായി നിർമ്മിക്കേണ്ട 4 പാലങ്ങളിൽ 2 പാലങ്ങളുടെ ഡെക്ക് സ്ലാബ് കാസ്റ്റിംഗ് പൂർത്തീകരിച്ചിട്ടുണ്ട്. വിയറിംഗ് കോട്ട്, പെയിന്റിംഗ്, അപ്രോച്ച് റോഡ് നിർമ്മാണം എന്നീ പ്രവൃത്തികൾ പൂർത്തീകരിക്കേണ്ടതുണ്ട്. മൂന്നാമത്തെ പാലത്തിന്റെ പിയർ ക്യാപ്പ് വരെയുള്ള പ്രവൃത്തി പൂർത്തീകരിച്ചു. ബീമുകൾ കാസ്റ്റ് ചെയ്തുകൊണ്ടിരിക്കുന്നു. പഴയപാലം പൊളിച്ചു നീക്കിയതിനു ശേഷം മാത്രമേ 4-ാമത്തെ പാലം പുനർ നിർമ്മിക്കുവാൻ സാധിക്കുകയുള്ളൂ.<br><br>കിഫ്ബി ധനസഹായത്തോടു കൂടി കെ.ആർ.എഫ്.ബി, പി.എം.യു മുഖേന നടപ്പിലാക്കുന്ന ആലപ്പുഴ ജില്ലയിലെ കോടതിപ്പാലം പ്രവൃത്തിക്കായി 26.02.2021 തീയതിയിലെ ഉത്തരവ് നം PWD 001-34/APR/2021/KIIFB പ്രകാരം 120.52 കോടി രൂപയുടെ സാമ്പത്തികാനുമതി കിഫ്ബിയിൽ നിന്നും ലഭിച്ചിട്ടുണ്ട്. ഇതിൽ പദ്ധതിക്കായി സ്ഥലം ഏറ്റെടുക്കേണ്ടതിനുള്ള 28.25 കോടി രൂപയും ഉൾപ്പെടുന്നു. സ്ഥലമേറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട അതിർത്തി കല്ലുകൾ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്, കൂടാതെ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നഷ്ടപരിഹാര തുകയായ 20.06 കോടി രൂപ 25.05.2022 തിയതിയിൽ കിഫ്ബി അനുവദിച്ചിട്ടുണ്ട്. ഭൂമി ഏറ്റെടുക്കൽ നടപടികൾ അവസാന ഘട്ടത്തിലാണ്. ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തികരിച്ചതിനു ശേഷം സാങ്കേതികാനുമതിക്കുള്ള എസ്റ്റിമേറ്റ് ടെക്നിക്കൽ കമ്മിറ്റി പരിശോധിച്ച് ആവശ്യമായ മാറ്റങ്ങൾ ഉൾപ്പെടുത്തി ക്കൊണ്ട്, പ്രൈസ് മുഖേന സാങ്കേതികാനുമതി നൽകി ടെൻഡർ നടപടി ക്രമങ്ങൾ പൂർത്തിയാക്കി നിർമ്മാണ പ്രവൃത്തി ആരംഭിക്കുന്നതാണ്. |

| | | | |
|---|---|---|---|
| (ബി) | എത്ര തുകയാണ് പ്രസ്തുത പ്രവൃത്തികൾക്കായി ചെലവഴിക്കുന്നതെന്നും പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്നും വിശദമാക്കാമോ? | (ബി) | മുപ്പാലത്തിന് 17.44 കോടി രൂപയാണ് ഭരണാനുമതി തുക. 30.11.2023 ന് പദ്ധതി പൂർത്തീകരിക്കുവാൻ സാധിക്കും എന്ന് പ്രതീക്ഷിക്കുന്നു. കോടതിപാലം പ്രവൃത്തിക്ക് 120.52 കോടി രൂപയുടെ സാമ്പത്തികാനുമതി കിഫ്ബിയിൽ നിന്നും ലഭിച്ചിട്ടുണ്ട്. ഭൂമി ഏറ്റെടുക്കൽ പ്രവൃത്തി അന്തിമഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ